പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5330

5.07.2012-ലെ മറുപടിയ്ക്ക്

**ഭക്ഷ്യ സംസ്ക്കരണ മിഷൻെറ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.എ മാധവൻ<br>ശ്രീ. വി.പി സജീന്ദ്രൻ<br>ശ്രീ. സി.പി മുഹമ്മദ്<br>ശ്രീ. റ്റി.എൻ. പ്രതാപൻ | | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്ക്കരണ മിഷൻ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;<br>(ബി) ഇതിൻെറ ഉദ്ദേശ്യ ലക്ഷ്യവും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;<br>(സി) ഇതിൻെറ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതാരാണ് ; വിശദമാക്കുമോ; | (എ), (ബി) & (സി) | ഭക്ഷ്യ സംസ്ക്കരണമേഖലയിലെ നിക്ഷേപം കൂടുതൽ ആകർഷിക്കുന്നതിന് കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം നടപ്പിലാക്കിയ ദേശീയ ഫുഡ് മിഷൻെറ ചുവടു പിടിച്ച് സംസ്ഥാനത്ത് ഏപ്രിൽ 2012- ൽ സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷൻ നിലവിൽ വന്നിട്ടുണ്ട്.<br>പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസി കിൻഫ്രയാണ്.<br>കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം വിഭാവനം ചെയ്ത പദ്ധതികൾ വികേന്ദ്രീകരിച്ച് പ്രസ്തുത പദ്ധതികളുടെ കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള തുക സംസ്ഥാനങ്ങൾക്ക് വിവിധ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ളതാണ് സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷൻ. പ്രസ്തുത ഫണ്ടുകൾ വിവിധ പദ്ധതികൾക്കായി ചിലവഴിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് ഇത് കൂടുതൽ അധികാരങ്ങൾ നൽകുന്നു. കൂടാതെ പദ്ധതികൾ തിരഞ്ഞെടുക്കുകയും അവയുടെ പ്രയോജനം യഥാർത്ഥ ഉപഭോക്താക്കളിൽ എത്തിക്കുക എന്ന ലക്ഷ്യവും മിഷനുണ്ട്. ഇതുവഴി സംസ്ഥാനങ്ങൾക്ക് |

പദ്ധതി നടത്തിപ്പ് വിശകലനം ചെയ്യുന്നതിനും അവയുടെ മേൽനോട്ടം ഭംഗിയായി നിർവ്വഹിക്കുന്നതിനും അവസരം ലഭിക്കുന്നു.

ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

1. സംസ്ഥാനത്ത് പുതിയ ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിക്കുക, ഇവയിൽ ആധുനികവൽക്കരണം നടപ്പിലാക്കുക, പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കുക.

2. ശീതീകരണ ശ്യംഖല സ്ഥാപിക്കുക/മൂല്യ വർദ്ധന/ റീഫർ വെഹിക്കിൾസ് സംവിധാനങ്ങൾ ഒരുക്കുക.

3. ഈ മേഖലയിലെ മനുഷ്യ വിഭവശേഷി വികസിപ്പിക്കുക.

i. ഭക്ഷ്യ സംസ്ക്കരണ സാങ്കേതിക വിദ്യയിൽ ഡിഗ്രി/ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക.

ii. സംരംഭക വികസന പദ്ധതി (ഇ.ഡി.പി)

iii ഭക്ഷ്യ സംസ്ക്കരണ പരിശീലന കേന്ദ്രം (എഫ്.പി. റ്റി.സി)

4. സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, എക്സിബിഷൻ, ട്രേഡ്ഫെയർ, പരസ്യം/ പ്രസിദ്ധീകരണം തുടങ്ങിയവയിലൂടെ ഇതിനാവശ്യമായ പ്രോത്സാഹന നടപടികൾ സ്വീകരിക്കുക.

| | |
|---|---|
| ഡി) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്? | (ഡി) സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷൻ നടപ്പാക്കുന്നതിന് 75% കേന്ദ്ര ധനസഹായവും 25% സംസ്ഥാന ധനസഹായവുമാണ് കേന്ദ്ര ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 4.5 കോടി രൂപ സംസ്ഥാന സർക്കാർ 2012-13 ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ ആദ്യ ഗഡുവായി 1.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

Helen Keith

സെക്ഷൻ ഓഫീസർ